**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – 2017-18 സാമ്പത്തിക വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച മുന്നൊരുക്കങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 3225/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 06/10/2017

---

പരാമർശം:- 1. പത്തനംതിട്ട ജില്ലാ കളക്ടറുടെ 04/08/2017 ലെ ഡി.എം.2-134005/2017 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 15/09/2017 ലെ ജെ1- 35974/2016 നമ്പർ കത്ത്.

## ഉത്തരവ്

2017-18 സാമ്പത്തിക വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച മുന്നൊരുക്കങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പ് സാമ്പത്തിക വർഷം "2515-00-198-34 ശബരിമല തീർത്ഥാടനത്തിനുള്ള പ്രത്യേക ഗ്രാന്റ്(Non Plan)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2,20,00,000/- രൂപ (രണ്ട് കോടി ഇരുപത് ലക്ഷം രൂപ മാത്രം) 2017-18 ശബരിമല മണ്ഡലമകരവിളക്ക് സീസണുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. പഞ്ചായത്ത് ഡയറക്ടർ പ്രസ്തുത ഗ്രാന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറി നൽകുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അധിക തുക ആവശ്യമെങ്കിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന തുക അനുവദിക്കുന്നതിനുള്ള ശുപാർശ (കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ ആവശ്യത്തിനായി അനുവദിച്ച തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് സഹിതം) സമർപ്പിക്കേണ്ടതാണ്.

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി മാത്രമാണ് തുക ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതും പഞ്ചായത്ത് ഡയറക്ടർക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതുമാണ്. ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ തുക പെർഫോർമൻസ് ഓഡിറ്റ് വിഭാഗവും സംസ്ഥാന ഓഡിറ്റ് വകുപ്പും പ്രത്യേകം പരിശോധിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പത്തനംതിട്ട
അക്കൗണ്ടന്റ് ജനറൽ, (എ&ഇ / ആഡിറ്റ്/എൽബിഎ &എ,) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
റവന്യൂ (ദേവസ്വം) വകുപ്പ്,
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റ്, തിരുവനന്തപുരം.
എക്സി. ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം റീജിയൺ, കൊല്ലം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ